# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7070 | 16-7-2012 - ൽ മറുപടിക്ക് |

## സെറ്റ് പരീക്ഷാ യോഗ്യത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സെറ്റ് പരീക്ഷാ യോഗ്യത നേടാൻ നിലവിലുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (എ) | 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെയുള്ള രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദവും ബി..എഡ് പരീക്ഷയും പാസായവർക്ക് സെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കാം. രണ്ടു പേപ്പറുകൾ ഉള്ള പരീക്ഷയിൽ യോഗ്യത നേടാൻ ഓരോ പേപ്പറിനും കുറഞ്ഞത് 35 % മാർക്കും രണ്ടു പേപ്പറുകൾക്കും കൂടി ആകെ 50 ശതമാനത്തിൽ കുറയാത്ത മാർക്കും നേടേണ്ടതാണ്. |
| (ബി) | സംവരണ വിഭാഗങ്ങളായ എസ്.സി./എസ്.റ്റി., ഒ.ബി. സി. വിഭാഗക്കാർക്ക് മാർക്കിളവ് നൽകുന്നുണ്ടോ; | (ബി) യും (സി) യും | എസ്.സി./എസ്.റ്റി വിഭാഗക്കാർക്ക് സെറ്റ് പരീക്ഷയെഴുതുന്നതിനുള്ള യോഗ്യതയായ ബിരുദാനന്തര ബിരുദപരീക്ഷയിൽ 5 % മാർക്കിളവ് നൽകുന്നുണ്ട്. മറ്റ് വിഭാഗക്കാർക്ക് യോഗ്യതാ പരീക്ഷയിൽ മാർക്കിളവ് നൽകുന്നില്ല. |
| (സി) | ഇല്ലെങ്കിൽ നെറ്റ് പരീക്ഷയിലേതുപോലെ പ്രസ്തുത വിഭാഗങ്ങൾക്ക് യോഗ്യത നേടാൻ മാർക്കിളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ സെറ്റ് പരീക്ഷക ളിലെ കൂട്ടത്തോൽവി മുഖ വിലക്കെടുത്ത് നിലവാര മുള്ള എല്ലാവർക്കും യോഗ്യത നേടാൻ പരിഹാര നടപടികൾ സ്വീകരിക്കുമോ; | (ഡി) | നിലവിലുള്ള സെറ്റ് പരീക്ഷാ സമ്പ്രദായം നിലവാരമുള്ളവർക്ക് യോഗ്യതനേടാൻ പ്രാപ്തമായ വിധത്തിലാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. |
| (ഇ) | സിലബസിന് കൃത്യത വരു ത്തുന്നതിനും നെറ്റ് പരീക്ഷ യിലേതുപോലെ നെഗറ്റീവ് മാർക്ക് ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ഇ) | നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ